**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 340** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>നെടുമങ്ങാട് നഗരസഭയുടെ പേരിൽ സ്വാതന്ത്ര്യ സമര സ്മൃതി പാർക്കിനായി ഭൂമിവാങ്ങൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. ആർ. അനിൽ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ സ്വാതന്ത്ര്യ സമര സ്മൃതി പാർക്ക് നിർമ്മിക്കുന്നതിനായി 2023 - 24 വർഷത്തെ ബജറ്റിൽ ആദ്യഘട്ടമായി അനുവദിച്ചിരുന്ന തുക വിനിയോഗിച്ച് നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ പേരിൽ വാങ്ങിയ ഭൂമിയുടെ വില ഭൂവുടമയ്ക്ക് നൽകിയോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻസിപ്പാലിറ്റി തനതു ഫണ്ടിൽ നിന്നും വകയിരുത്തിയ മൂന്ന് കോടി രൂപ വസ്തു ഉടമയ്ക്ക് കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന തുക ഭൂവുടമക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

**(ബി)** ഭൂമിയുടെ വില കൈമാറുന്നതിന് വകുപ്പു മുഖേന തയ്യാറാക്കി വന്ന പ്രൊപ്പോസൽ (ഫയൽ-ആർ.ഇ.1/384/2023-എൽഎസ്ജിഡി, കമ്പ്യൂട്ടർ നം. 2578833) നടപടികൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഭൂമി വാങ്ങൽ നടപടികളും ആധാര രജിസ്ട്രേഷനും പൂർത്തീകരിച്ച സാഹചര്യത്തിൽ, ഭരണാനുമതി നൽകിയ 5 കോടി രൂപ നെടുമങ്ങാട് നഗരസഭയ്ക്ക് കൈമാറുന്നതിനായി തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ ശിപാർശ ചെയ്ത്, പ്രസ്തുത തുക നടപ്പു സാമ്പത്തിക വർഷത്തിൽ (2026-27) റിലീസ് ചെയ്യുന്നതിനായി ആർ.ഇ.1/384/2023-എൽ.എസ്.ജി.ഡി നമ്പർ ഫയൽ ധനകാര്യവകുപ്പിന് സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത ഫയലിൽ തീരുമാനമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**(സി)** പ്രൊപ്പോസൽ ലഭ്യമായ സാഹചര്യത്തിൽ സമയബന്ധിതമായി തുക കൈമാറുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** ഈ പ്രോജക്റ്റിന് രണ്ടാം ഘട്ടമായി ഭൂമി വാങ്ങുന്നതിന് 2024 - 25 സാമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന അഞ്ചുകോടി രൂപയ്ക്ക് ഭരണാനുമതി നൽകിയോ; പ്രൊപ്പോസൽ ലഭിച്ചിരുന്നോ; വകുപ്പ് മുഖേന പ്രൊപ്പോസൽ ലഭ്യമാക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

**<u>മറുപടി:</u>** പ്രസ്തുത പ്രോജക്ടിന്റെ രണ്ടാംഘട്ടമായി തുക അനുവദിക്കുന്നതിനുവേണ്ടിയുള്ള ഭരണാനുമതി പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം  ൽ ക്രമനമ്പർ 1657 ആയി നെടുമങ്ങാട് മുനിസിപ്പൽ ടൗൺഹാളിന്റെ സമീപത്തെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട ഭൂമി നെടുമങ്ങാട് നഗരസഭയുടെ പേരിൽ സ്വാതന്ത്ര്യസമരസ്മൃതി പാർക്കും ഓപ്പൺ

ഓഡിറ്റോറിയവും ഉൾപ്പെടെ പശ്ചാത്തല സൗകര്യം ഒരുക്കുന്ന പദ്ധതികൾക്കായി ഭൂമി വാങ്ങുന്നതിനായി 5 കോടി രൂപ അടങ്കലിൽ 20% തുക വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി അടിയന്തിരമായി പ്രൊപ്പോസൽ നൽകുവാൻ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർക്ക് 01.07.2026 തീയതിയിലെ എൽ.എസ്.ജി.ഡി/പി.ഡി/17151/2026-ഇ.ഡബ്ല്യൂ1 നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**